പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3024 | 19-6-2018 ലെ മറുപടിക്ക്

## സുജലം സുഫലം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എൽദോസ് പി കുന്നപ്പിള്ളിൽ<br>,, എ.പി അനിൽകുമാർ<br>,, അടൂർപ്രകാശ്<br>" ഐ.സി.ബാലകൃഷ്ണൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) സുജലം സുഫലം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) ഹരിത കേരളം മിഷനിൽ 3 ഉപദൗത്യങ്ങളാണ് ഉൾപ്പെടുന്നത്. ഇവയിൽ മൂന്നാമത്തെ ഉപദൗത്യമായ ജൈവകൃഷിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നെൽകൃഷി പച്ചക്കറികൃഷി, ജൈവകൃഷി, സംയോജിത കൃഷി വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന തെരഞ്ഞെടുത്ത പദ്ധതി ഘടകങ്ങളാണ് ഇതിലുൾപ്പെടുന്നത്.<br>'സുജലം സുഫലം' ഉപദൗത്യത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.<br>• ഗാർഹിക സ്ഥാപന തലങ്ങളിൽ |

| | |
|---|---|
| | ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക<br>• വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.<br>• ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക<br>• ലാഭകരമായ കൃഷിയിലൂടേയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടേയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക<br>• സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.<br>• ജലസ്രോതസ്സുകൾക്ക ചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. |
| (ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നതിനും പൊതുസ്ഥലങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനും സാധിച്ചിട്ടുണ്ടോ; എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഉപയുക്തമാക്കി ; | (ബി)തരിശായിക്കിടക്കുന്ന എല്ലാ സ്ഥലവും കണ്ടെത്തുന്നതിനും പരമാവധി സ്ഥലം നെൽ കൃഷി ചെയ്യിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016 – 17 സാമ്പത്തിക വർഷം 2782.3857 ഹെക്ടർ തരിശുനിലവും 2017 – 18 |

| | |
|---|---|
| 1. | സാമ്പത്തിക വർഷം 5485.7 ഹെക്ടർ സ്ഥലവും നെൽകൃഷി ചെയ്യിപ്പിക്കാൻ സാധിച്ചു.<br>തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 998 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. 2018 – 19 വർഷത്തിൽ ടി പദ്ധതി പ്രകാരം തരിശായിക്കിടക്കുന്ന 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30000 രൂപയാണ് ധനസഹായം നൽകുന്നത്. (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയുംകൃഷി ചെയ്യുന്ന കർഷകന് കൃഷി ചിലവുകൾക്കായി 25000 രൂപയുമാണ് നൽകുന്നത്) |
| (സി) ഒരു ഭാഗത്ത് തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുമ്പോൾ മറു ഭാഗത്ത് കർഷകർ നെൽകൃഷി ഉപേക്ഷിച്ച് നിലങ്ങൾ തരിശായിടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകി കർഷകരെ നെൽകൃഷിയിൽ ഉറപ്പിച്ച് നിർത്തുന്നതിന് തീരുമാനമെടുക്കുമോ ; വിശദമാക്കുമോ? | (സി) ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേക്ക് താമസം മാറുന്നത്, വർദ്ധിച്ച കൂലിചെലവ്, വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെല്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് കർഷകർ |

നെൽകൃഷി ഉപേക്ഷിക്കുന്നത്. ഈ മേഖലകളിലെല്ലാം കൃത്യമായും ഫലപ്രദമായും ഇടപെടാൻ സാധിക്കുകയും കാലാവസ്ഥ അനുകൂലമാകുകയും ചെയ്താൽ കർഷകരെ നെൽകൃഷിയിൽ നിലനിറുത്താൻ സാധിക്കുന്നതാണ്.

തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. നടപ്പു സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ റസിഡന്റ്സ് അസ്സോസിയേഷനുകൾ,സർക്കാർ/ സർക്കാരിതര /സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിന് ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയും കൂടാതെ സംസ്കരണം, യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ട്

| | |
|---|---|
| | അധിഷ്ഠിത സാമ്പത്തികസഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം. നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും. നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും. സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും, കായിക വിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക, നെൽ കൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവ ആണ് പ്രധാന ലക്ഷ്യം. നെൽ വർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രോജക്ടധിഷ്ഠിത ധന സഹായം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

അണ്ടർസെക്രട്ടറി